**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3016 21.06.2013 - ലെ മറുപടിക്ക്

**നഗരസഭ കോർപ്പറേഷനുകളിലെ ഭരണ സുതാര്യത**

ചോദ്യം
ശ്രീ. എം.പി.വിൻസെന്റ്

ഉത്തരം
ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും
ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി)

| | |
|---|---|
| (എ) നഗരസഭ കോർപ്പറേഷനിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് സംവിധാനം ഏർപ്പെടുത്തുമോ; | (എ) കോർപ്പറേഷനുകളിലും നഗരസഭകളിലും വസ്തു നികുതി, കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ജനന- മരണ രജിസ്ട്രേഷൻ എന്നിവ ഇപ്പോൾ ഓൺലൈൻ ആയി ലഭ്യമാകുന്നുണ്ട്. മറ്റ് എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) നഗരസഭാ ജീവനക്കാരിലെ ഒരു വിഭാഗത്തിന്റെ കെടുകാര്യസ്ഥതയും, അഴിമതിയും തടയുന്നതിന് പരിശീലന പദ്ധതി തയ്യാറാക്കുമോ ; | (ബി) നഗരസഭാ ജീവനക്കാരുടെ കാര്യശേഷിയും കഴിവും വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശീലന പരിപാടികൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) നൽകി വരുന്നു . |
| (സി) നഗരസഭ കോർപ്പറേഷനുകളിലെ കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച പരാതികൾ ഒഴിവാക്കുന്നതിന് കൃത്യമായ മാർഗ്ഗ നിർദ്ദേശം നൽകി ആയത് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) കെട്ടിട നിർമ്മാണ അനുമതി സുതാര്യവും, സമയബന്ധിതവുമായി ലഭ്യമാകുന്നതിന് ഓൺലൈൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ